## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3387

08.11.2019-ൽ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) 2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ (ആറ് മാസം) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗം തൃപ്തികരമാണോ; വിശദമാക്കാമോ; | എ) 2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ പദ്ധതി വിനിയോഗം കഴിഞ്ഞ വർഷത്തെ നിലയിലേയ്ക്ക് ഉയർന്നില്ലെങ്കിലും ലോക് സഭാ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന മാതൃകാ പെരുമാറ്റച്ചട്ടം, പ്രളയം ഉരുൾപൊട്ടൽ തുടങ്ങിയ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ താരതമ്യേന തൃപ്തികരമാണ്.<br><br>2019-20 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ (ആറ് മാസം) - സെപ്റ്റംബർ 30 വരെയുള്ള ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണ പുരോഗതി 25.66% ഉം ജില്ലാ പഞ്ചായത്തുകളുടേത് 21.19% ഉം ആയിരുന്നു.<br><br>2019 -20 വർഷം സെപ്റ്റംബർ 30 വരെ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി ചെലവ് 31 %ആണ്.<br><br>30/09/19 വരെയുള്ള 6 മാസത്തെ കണക്ക് പ്രകാരം കോർപ്പറേഷനുകൾ 22.32% വും, മുനിസിപ്പാലിറ്റികൾ 24.78 % വും തുക വിനിയോഗിച്ചിട്ടുണ്ട്. |
| ബി) ഇക്കാലയളവിൽ ഓരോ തദ്ദേശ സ്ഥാപനവും എത്ര ശതമാനം വിനിയോഗിക്കണം എന്ന് നിജപ്പെടുത്തിയിരുന്നോ; എങ്കിൽ എത്രയാണ് നിജപ്പെടുത്തിയിരുന്നതെന്നും എത്രയാണ് ചെലവഴിച്ചതെന്നും വിശദമാക്കുമോ; | ബി) 10/07/19 ലെ ഡിഎ 1/221/19/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും സെപ്റ്റംബർ 30 ന് 45% പദ്ധതി ചെലവ് കൈവരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സെപ്റ്റംബർ 30 വരെയുള്ള ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണ പുരോഗതി 25.66% ഉം ജില്ലാ പഞ്ചായത്തുകളുടേത് 21.19% ഉം ആയിരുന്നു. ഈ കാലയളവിൽ നഗരസഭ കളുടെ ആകെ പദ്ധതി ചെലവ് 24.78% വും കോർപ്പറേഷനുകളുടേത് 22.32% വും ആയിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ 31 ശതമാനം ആദ്യ ആറ് മാസക്കാലയളവിൽ ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) പദ്ധതി പ്രവർത്തനം വേഗത്തിലാക്കാൻ സർക്കാർ ചെയ്യുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ; | സി) എല്ലാ വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും, ആയവ വേഗത്തിലാക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെടുന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗം എല്ലാ ത്രൈമാസങ്ങളിലും നടത്തി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ, 02.05.2019, 22.10.2019 തീയതികളിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമായും, സമയബന്ധിതമായും നടപ്പാക്കുന്നതിന് സെക്രട്ടറിമാർക്ക് പ്രത്യേക നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നാളിതുവരെ നടത്തപ്പെട്ട സെക്രട്ടറിമാരുടെ യോഗങ്ങളിലും 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണം വിലയിരുത്തുകയും, അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.2019 ലെ പാർലമെന്റ് പൊതുതിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾ കാലേക്കൂട്ടി തയ്യാറാക്കുന്നതിനുള്ള നിദ്ദേശങ്ങൾ 2018 സെപ്റ്റംബറിൽ തന്നെ നൽകിയിരുന്നു .അതനുസരിച്ച് 1181 സ്ഥാപനങ്ങൾ 2018 ഡിസംബർ 31 ന് മുൻപും ശേഷിക്കുന്നവ ജനുവരിയിലും വാർഷിക പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഉത്തരവുകളും നൽകിയിരുന്നു. ഉദ്യോഗസ്ഥ തലത്തിൽ പരിശീലനവും നൽകിയിട്ടുണ്ട്. ഇവ സംബന്ധിച്ച് ഒരു പൊതു ധാരണ നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷന്മാരുടെ മേഖലാ യോഗങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയിട്ടുണ്ട്. പദ്ധതി നിർവഹണം വേഗത്തിലാക്കുന്നതിന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട് . |
| ഡി) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ആസൂത്രണ സമിതി വർഷത്തിൽ എത്ര തവണ കൂടിയിരിക്കണം എന്ന നിഷ്കർഷയുണ്ടോ; ആസൂത്രണ സമിതി യോഗം ചേരേണ്ടതിന്റെ നിബന്ധനകൾ അറിയിക്കാമോ? | ഡി) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ ആസൂത്രണ സമിതി വർഷത്തിൽ എത്രതവണ കൂടിയിരിക്കണം എന്ന പ്രത്യേക നിഷ്കർഷയില്ല. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. |

സെക്ഷൻ ഓഫീസർ